**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1676** **31-08-2022 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ ഉന്നത വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ രംഗത്ത് മലബാർ മേഖലയിൽ മതിയായ സ്ഥാപനങ്ങൾ ഇല്ലായെന്നത് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും നിർദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) | മലബാർ ഉൾപ്പെടെ വിവിധ മേഖലകളിൽ മതിയായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല എന്നത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ പരിഷ്കരണക്കമ്മീഷൻ പരിശോധിച്ച് റിപ്പോർട്ട് നല്കിയിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മലബാർ മേഖലയിൽ നിലവിൽ കണ്ണൂർ കാലിക്കറ്റ് സർവകലാശാലകളുടെ കീഴിലായി പ്രവർത്തിക്കുന്ന കോളേജുകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>മലപ്പുറം- 9 ഗവൺമെന്റ് കോളേജുകൾ, 20 എയ്ഡഡ് കോളേജുകൾ, 57 അൺഎയ്ഡഡ് കോളേജുകൾ<br><br>കോഴിക്കോട് -12 ഗവൺമെന്റ് കോളേജുകൾ, 10 എയ്ഡഡ് കോളേജുകൾ, 75 അൺഎയ്ഡഡ് കോളേജുകൾ<br><br>വയനാട്-2 ഗവൺമെന്റ് കോളേജുകൾ, 4 എയ്ഡഡ് കോളേജുകൾ, 13 അൺഎയ്ഡഡ് കോളേജുകൾ<br><br>കണ്ണൂർ - 5 ഗവൺമെന്റ് കോളേജുകൾ, 11 എയ്ഡഡ് കോളേജുകൾ, 13 അൺഎയ്ഡഡ് കോളേജുകൾ<br><br>കാസർഗോഡ് - 5 ഗവൺമെന്റ് കോളേജുകൾ, 3 എയ്ഡഡ് കോളേജുകൾ 13 അൺഎയ്ഡഡ് കോളേജുകൾ<br><br>മലബാർ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 4 സർക്കാർ എഞ്ചിനീയറിംഗ് |

| | | | |
|---|---|---|---|
| | | | കോളേജുകളും 12 സർക്കാർ പോളിടെക്നിക് കോളേജുകളും നിലവിലുണ്ട്. മലബാർ മേഖലയിലെ കോഴിക്കോട് ജില്ലയിലെ മുക്കം, പേരാമ്പ്ര, കണ്ണൂർ ജില്ലയിലെ നടുവിൽ, പിണറായി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം എന്നീ സ്ഥലങ്ങളിൽ പുതിയ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ നടുവിൽ പോളിടെക്നിക് സ്ഥാപിക്കുന്നതിന് 2022-23–ൽ എ.ഐ.സി.ടി.ഇ. അംഗീകാരം നേടിയിട്ടുണ്ട്.<br><br>മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന അൺഎയ്ഡഡ് കോളേജു കളിൽ ഐ.എച്ച്.ആർ.ഡി.-യ്ക്ക് കീഴിലുള്ള 30 സ്ഥാപനങ്ങൾ ഉൾപ്പെടും. |
| (ബി) | പ്രസ്തുത മേഖലയിൽ ഉന്നത വിദ്യാഭ്യാസ പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ മലബാർ മേഖലയിൽ 4 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും, 12 സർക്കാർ പോളിടെക്നിക് കോളേജുകളും നിലവിലുണ്ട്. മലബാർ മേഖലയിലെ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷം 9093.87 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>2020-21 അധ്യയന വർഷത്തിൽ ഐ.എച്ച്.ആർ.ഡി.-യിൽ വിവിധവിഷയങ്ങളിൽ അനുവദിച്ചിട്ടുള്ള സീറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു:<br>കാലിക്കറ്റ് യൂണിവേഴ്സിറ്റി - 20 സീറ്റുകൾ<br>കണ്ണൂർ യൂണിവേഴ്സിറ്റി - 45 സീറ്റുകൾ<br><br>2021-22 അധ്യയനവർഷത്തിൽ ഐ.എച്ച്.ആർ.ഡി.-യിൽ വിവിധവിഷയങ്ങളിൽ അനുവദിച്ച സീറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു:<br>കാലിക്കറ്റ് യൂണിവേഴ്സിറ്റി - 48 സീറ്റുകൾ<br>കണ്ണൂർ യൂണിവേഴ്സിറ്റി - 290 സീറ്റുകൾ |

സെക്ഷൻ ഓഫീസർ